# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -5346** 27.07.2015- ൽ മറുപടിക്ക്

## തമിഴ്നാട്ടിലെ കുറ്റാലത്തുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമിയാണ് ഉള്ളത്; ഈ ഭൂമിയിൽ കയ്യേറ്റം നടക്കുന്നതായി നേരത്തെ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയ്യേറ്റം ഒഴിപ്പിക്കാനും വസ്തു സർക്കാരിന്റെ അധീനതയിൽ നിലനിർത്താനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇവിടെ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; കെയർടേക്കർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ അധീനതയിൽ 56.68 ഏക്കർ ഭൂമിയാണ് ഉള്ളത്. റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൊല്ലം), തഹസിൽദാർ (പുനലൂർ), വില്ലേജ് ഓഫീസർ (ആര്യങ്കാവ്) എന്നിവർ കേരളാ പാലസ് കുറ്റാലം സന്ദർശിക്കുകയും അനധികൃത കയ്യേറ്റം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. നിലവിലുള്ള വസ്തുക്കൾ കൃത്യമായി മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഇതിനു മുകളിൽ കമ്പിവേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റാലം പാലസ് കോമ്പൗണ്ടിനകത്ത് പൊതുമരാമത്ത് വകുപ്പ് ഓഫീസ് പ്രവർത്തിക്കുന്നില്ല. കുറ്റാലം പാലസിന്റെ നടത്തിപ്പിനായി പാലസ് സൂപ്രണ്ടിനെ നിയമിച്ചിട്ടുണ്ട്. കുറ്റാലം പാലസിന്റെ മേൽനോട്ടം വഹിക്കുന്നത് അഞ്ചൽ ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറാണ്. കെയർടേക്കർ തസ്തികകളില്ലാത്തതിനാൽ കെയർടേക്കറെ നിയമിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഭൂമിയിൽ എത്ര കെട്ടിടങ്ങളാണ് ഉള്ളത്; കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ കെട്ടിടത്തിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളത് ; ഈ കെട്ടിടങ്ങളിലെ മുറികൾ വിനോദ സഞ്ചാരികൾക്ക് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ വാടക നിരക്ക് | (ബി) പ്രസ്തുത ഭൂമിയിൽ 11 കെട്ടിടങ്ങളാണ് ഉള്ളത്. മെയിൻ പാലസ് കെട്ടിടം, പാലസ് അനക്സ്, കോട്ടേജ് 1, കോട്ടേജ് 2, കോട്ടേജ് 3, അമ്മവക നാലുകെട്ട്, കൂലി ലെയ്ൻ, ടിൻ ടൈപ്പ് ക്വാർട്ടേഴ്സ് , സ്റ്റോർപിയോൺ ഹാൾ, സെക്രട്ടറി ക്വാർട്ടേഴ്സ്, സൂപ്രണ്ട് ക്വാർട്ടേഴ്സ് എന്നിവയാണവ.<br>1. മെയിൻ പാലസ് കെട്ടിടം -2 മുറി<br>2. പാലസ് അനക്സ് - 4 മുറി<br>3. കോട്ടേജ് 1 -1 മുറി |

സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ ; കഴിഞ്ഞ 5 വർഷം പ്രതിവർഷം ഇവിടെ നിന്നും വാടകയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

4. കോട്ടേജ് 2 - 1 മുറി
5. കോട്ടേജ് 3 - 1 മുറി
6. അമ്മവക നാലുകെട്ട് - 4 മുറി
7. ക്ലലി ലെയ്ൻ - 6 മുറി
8. ട്വിൻ ടൈപ്പ് ക്വാർട്ടേഴ്സ് -2 മുറി
9. സെക്രട്ടറി ക്വാർട്ടേഴ്സ്- 3 മുറി
10. സൂപ്രണ്ടിന്റെ താസമസ്ഥലം
11. സ്റ്റോർപ്പിയോൺ ഹാൾ - 3 മുറി

എല്ലാ മുറികളും എയർകണ്ടീഷൻ ഒഴിച്ച് ആവശ്യമായ ഫർണിച്ചറുകൾ, ടോയ്ലറ്റ് സൗകര്യം, വൈദ്യുതി, വെള്ളം എന്നിവയുണ്ട്. ഇതിൽ ട്വിൻ ടൈപ്പ് ക്വാർട്ടേഴ്സ് ഒഴിച്ച് ബാക്കിയുള്ള എല്ലാ കെട്ടിടങ്ങളും ഓടിട്ട പുരാതന കെട്ടിടങ്ങളാണ്. വിനോദ സഞ്ചാരി കൾക്ക് മുറികൾ വാടകയ്ക്ക് നൽകാറുണ്ട്. ഓരോ വിഭാഗത്തിനും പ്രത്യേകം നിരക്കുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാലസ് മെയിൻ സ്യൂട്ട് | - 375/- രൂപ |
| പാലസ് മിനി സ്യൂട്ട് | - 250 /- രൂപ |
| പാലസ് ബിൽഡിംഗ് & കോമ്പൗണ്ട് | - 7500/- രൂപ |
| പാലസ് അനക്സ് | - 375/- രൂപ |
| സ്റ്റോർപ്പിയോൺ ഹാൾ & ബിൽഡിംഗ് കോമ്പൗണ്ട് | - 3125/-രൂപ |
| സെക്രട്ടറി ക്വാർട്ടേഴ്സ് | - 250/- രൂപ |
| കോട്ടേജ് | - 250/- രൂപ |
| ക്ലലി ലെയ്ൻ | - 260/- രൂപ |
| അമ്മവക നാലുകെട്ട് | - 220/- രൂപ |
| ട്വിൻ ടൈപ്പ് ക്വാർട്ടേഴ്സ് | - 190/- രൂപ |

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി പ്രതിവർഷം ഇവിടെ നിന്നും വാടക യിനത്തിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2010-11 | 4,45,510 രൂപ |
| 2011-12 | 4,46,130 രൂപ |
| 2012-13 | 4,01,868 രൂപ |
| 2013-14 | 4,88,833 രൂപ |
| 2014-15 | 4,20,315 രൂപ |

(സി) കുറ്റാലത്തെത്തുന്ന കൂടുതൽ വിനോദ സഞ്ചാരികൾക്ക് ഇവിടെ താമസസൗകര്യം ലഭ്യമാക്കുന്നതിനും മുറി ബുക്കു ചെയ്യുന്നതിനുമായി ഓൺ ലൈൻ സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(സി) കുറ്റാലം പാലസിൽ കൊല്ലം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം മുറികൾ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ